# പതിനാലാം കേരളനിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 3571** | **14.03.2017-ൽ മറുപടിക്ക്**

## ബേക്കൽ പോലീസ് Cr.No.341/16

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) കാസർഗോഡ് ജില്ലയിലെ ബേക്കൽ പോലീസ് Cr.No.341/16, u/s 171 f r/w116 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസ് ഏത് വിഷയവുമായി ബന്ധപ്പെട്ടുത്തി എടുത്തിട്ടുള്ളതാണ്; | (എ) 2016 മേയ് മാസം 16-ന് നടന്ന കേരള നിയമസഭാ തെരഞ്ഞെടുപ്പിനോട് അനുബന്ധിച്ചിള്ള സ്ഥാനാർത്ഥികളുടെ പ്രചരണ സമയം യു.ഡി.എഫ്. സ്ഥാനാർത്ഥി പരസ്യമായി കള്ളവോട്ട് ചെയ്യാൻ ആഹ്വാനം നടത്തിയതായി ഒരു വീഡിയോ ക്ലിപ്പ് പ്രചരിക്കുകയും പ്രസ്തുത വീഡിയോ ക്ലിപ്പ് സഹിതം ബഹുമാനപ്പെട്ട ഉദുമ എം.എൽ.എ. മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർക്ക് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്തതാണ് കാസർഗോഡ് ജില്ലയിലെ ബേക്കൽ പോലീസ് സ്റ്റേഷനിലെ 341/16 നമ്പരായ കേസ്. |
| (ബി) പ്രസ്തുത കേസ്സിൽ ആരെയൊക്കെയാണ് പ്രതി ചേർത്തിട്ടുള്ളത്; അന്വേഷണത്തിന്റെ ഭാഗമായി ആരെയെങ്കിലും ഇതുവരെ ചോദ്യം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ്സിന്റെ എഫ്.ഐ.ആർ.-ൽ ഉദുമ, മണ്ഡലം യു.ഡി.എഫ്. സ്ഥാനാർത്ഥിയായിരുന്ന ശ്രീ.കെ.സുധാകരനെയാണ് പ്രതി കോളത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ കേസ്സിൽ 1) അബ്ദുള്ള കുഞ്ഞി, S/o.. എം.എ.അഹമ്മദ് കുഞ്ഞി (കോൺഗ്രസ്സ് ചെമ്മനാട് മണ്ഡലം സെക്രട്ടറി), 2) ഹക്കീം കുന്നിൽ, S/o.അബ്ദുള്ള ഹാജി, 3) അൻവർ മാങ്ങാട് @ അൻവർ സാദിക്, S/o.കുഞ്ഞാമു എന്നിവരെ ചോദ്യം ചെയ്തിട്ടുണ്ട്. കേസ്സ് ഇപ്പോൾ ബേക്കൽ പോലീസ് സബ് ഇൻസ്പെക്ടർ ഊർജ്ജിതമായി അന്വേഷിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ